# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7491 17.7.2012-ൽ മറുപടിയ്ക്ക്

പച്ചക്കറി വില വർദ്ധന നിയന്ത്രിക്കുന്നതിന് നടപടി

**ചോദ്യം**

ശ്രീ. എം. ചന്ദ്രൻ

(എ) പച്ചക്കറി വില നിയന്ത്രിച്ച് നിർത്തുവാൻ സാധിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) പച്ചക്കറി വില നിയന്ത്രിച്ച് നിർത്തുവാൻ എന്തെങ്കിലും തരത്തിലുള്ള സബ്സിഡി നൽകുന്നുണ്ടോ; വ്യക്തമാക്കുമോ?

**മറുപടി**

ശ്രീ . കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി)

(എ) & (ബി) സംസ്ഥാനത്ത് പച്ചക്കറി വില ക്രമാതീതമായി ഉയർന്ന സാഹചര്യത്തിൽ , വില നിയന്ത്രിച്ചു നിർത്തുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ്, സിവിൽ സപ്ലൈസ് എന്നീ ഏജൻസികളുടെ ആഭിമുഖ്യത്തിൽ പച്ചക്കറി വിൽപന സ്റ്റാളുകൾ മെയ് മാസം 2012 മുതൽ ആരംഭിച്ച് വിൽപന നടത്തി വരുകയാണ്. പച്ചക്കറി വില നിയന്ത്രണത്തിനായി ഈ സ്റ്റാളുകളിലൂടെ 30% വരെ കുറഞ്ഞ വിലക്കാണ് വിൽപന നടത്തിവരുന്നത്. ഇതിൽ വി.എഫ്.പി.സി.കെ മുഖേന 25 സ്റ്റാളുകളും 2 ബിഗ്ബസാറുകൾ തിരുവനന്തപുരത്തും എറണാകുളത്തും ആരംഭിച്ചിട്ടുണ്ട്. ഹോർട്ടികോർപ്പ് 98 സ്റ്റാളുകൾ നേരിട്ട് നടത്തുന്നതിന് പുറമെ 41 സ്റ്റാളുകൾ സപ്ലൈകോയുമായി സഹകരിച്ച് നടത്തുന്നതിന് ലക്ഷ്യമിട്ടതിൽ 32 സ്റ്റാളുകൾ ആരംഭിച്ച് കഴിഞ്ഞു. സപ്ളൈകോയുടെ കൂടുതൽ ഔട്ട് ലെറ്റുകളിൽകൂടി ' വെജിറ്റബിൾ കോർണർ ' തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. സപ്ലൈകോ മുഖേന

നേരിട്ട് 26 സ്റ്റാളുകൾ പ്രവർത്തിച്ചു വരുന്നു. വി.എഫ്.പി.സി.കെ 5 പുതിയ സ്റ്റാളുകൾ കൂടി തിരുവനന്തപുരം , ഇടുക്കി, പാലക്കാട്, കോഴിക്കോട് , കണ്ണൂർ ജില്ലകളിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ ചെയ്തു കഴിഞ്ഞു.

മേൽപ്പറഞ്ഞിട്ടുള്ള സ്റ്റാളുകൾക്കുപുറമെ സഞ്ചരിക്കുന്ന വിൽപനശാലകളിലൂടെയും പച്ചക്കറികൾ ന്യായവിലക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നുണ്ട്. ഹോർട്ടികോർപ്പ് മുഖേന നാല് സഞ്ചരിക്കുന്ന വിൽപനശാലകൾ തിരുവനന്തപുരം നഗരത്തിൽ ആരംഭിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ കീഴിലുള്ള ആനയറ മൊത്ത വ്യാപാരവിപണിയിൽ കർഷകഗ്രൂപ്പുകളിൽ നിന്നുള്ള പച്ചക്കറികൾ വിപണി മുഖേന ലഭ്യമാക്കിയിട്ടുള്ള സഞ്ചരിക്കുന്ന വിൽപനശാലകളിലൂടെ കർഷകർ നേരിട്ട് തിരുവനന്തപുരം നഗര പ്രദേശത്ത് ന്യായവിലക്ക് വിൽപന നടത്തുന്നു.

ഇത്തരത്തിൽ ന്യായവിലക്ക് 30 ശതമാനം വരെ വില കുറച്ച് നടത്തുന്ന പച്ചക്കറി വിൽപന ഓണം, റംസാൻ , സീസൺ കഴിയുന്നതുവരെ തുടരുന്നതാണ്. ഇതുമൂലം വിൽപന നടത്തുന്ന ഏജൻസികൾക്കുണ്ടാകുന്ന നഷ്ടം കൃഷി വകുപ്പിന്റെ ''മാർക്കറ്റ് ഇന്റർവെൻഷൻ ഫോർ പ്രൈസ് സ്റ്റബിലൈസേഷൻ പദ്ധതി '' യിൽ നിന്നും പരിഹരിച്ച് തുക അനുവദിക്കുന്നതാണ്.

Sndhama
സെക്ഷൻ ഓഫീസർ